# ഏലീയാ ശ്ലീവ മൂശ ക്കലം

## വചന വിചിന്തനം

### മൂശക്കാലം : രണ്ടാം ഞായർ

### ലൂക്കാ 8,41-56

"സൗഖ്യത്തിന്റെയും രക്ഷയുടെയും മാനദണ്ഡം
ചൊല്ലിതീർക്കുന്ന പ്രാർത്ഥനകളോ,
ചെയ്തുകൂട്ടുന്ന വിക്രിയകളോ അല്ല.
മറിച്ച്, വിശ്വാസം മാത്രമാണ്.
കർത്താവിനെ തിക്കികൂട്ടിയ ഒരുപാട് പേർ കൂടെയുണ്ടായിരുന്നിട്ടും,
സുഖം പ്രാപിച്ചത് ഒരുവൾ മാത്രമാണ്. കാരണം,
വിശ്വാസത്തോടെ കർത്താവിനെ സ്പർശിച്ചത് അവൾ മാത്രമാണ്!"

ഒരുപാട് പേർ സ്പർശിച്ചു. എന്നിട്ടും, ഒരുവളിലേയ്ക്കുമാത്രം ശക്തി പുറപ്പെട്ടു. കാരണം, അവൾ മാത്രം വിശ്വാസത്തോടെ കർത്താവിനെ സ്പർശിച്ചു!

രക്തസ്രാവക്കാരി സ്ത്രീയുടെ ജീവിതം പഠിപ്പിക്കുന്നത് ഒന്നുമാത്രം, സൗഖ്യത്തിന്റെയും രക്ഷയുടെയും മാനദണ്ഡം ചൊല്ലിതീർക്കുന്ന പ്രാർത്ഥനകളോ, ചെയ്തുകൂട്ടുന്ന വിക്രിയകളോ അല്ല. മറിച്ച്, വിശ്വാസം മാത്രമാണ്. കാരണം, കർത്താവിനെ തിക്കികൂട്ടിയ ഒരുപാട് പേർ കർത്താവിനോട് കൂടെയുണ്ടായിരുന്നു. എന്നിട്ടും, സുഖം പ്രാപിച്ചത് ഒരുവൾ മാത്രമാണ്. കാരണം, വിശ്വാസത്തോടെ കർത്താവിനെ സ്പർശിച്ചത് അവൾ മാത്രമാണ്! രോഗികൾക്ക് സൗഖ്യം സമ്മാനിക്കുന്ന മരിച്ചവരെ പുനർജീവിപ്പിക്കുന്ന കർത്താവിന്റെ കരുണയും ശക്തിയുമാണ് സുവിശേഷഭാഗത്തിന്റെ കാതൽ.

"കർത്താവു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും, അവരുടെമുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു" (സങ്കീ 147,3). ആരുമില്ലാ എന്നുള്ള തോന്നലിൽ, കർത്താവിൽ അഭയം തേടാൻ തയ്യാറെങ്കിൽ സൗഖ്യം സമ്മാനിക്കാൻ താൻ തയ്യാറാണ് എന്നുള്ള വെളിപ്പെടുത്തലാണ് രക്തസ്രാവക്കാരി സ്ത്രീയെ സുഖപ്പെടുത്തുന്ന കർത്താവ് സമ്മാനിക്കുന്നത്. പഴയനിയമ ദൃഷ്ടിയിൽ രക്തസ്രാവം അശുദ്ധിയുടെ ലക്ഷണമാണ്.

"സ്ത്രീക്കു മാസമുറയനുസരിച്ചു രക്തസ്രാവമുണ്ടായാൽ ഏഴു ദിവസത്തേക്ക് അവൾ അശുദ്ധയായിരിക്കും. അവളെ സ്പർശിക്കുന്നവരെല്ലാം വൈകുന്നേരംവരെ അശുദ്ധരായിരിക്കും. അശുദ്ധിയുടെ ദിനങ്ങളിൽ കിടക്കാനോ ഇരിക്കാനോ അവൾ ഉപയോഗിക്കുന്ന വസ്തുക്കളെല്ലാം അശുദ്ധമായിരിക്കും. ആരെങ്കിലും അവളുടെ കിടക്കയെ സ്പർശിച്ചാൽ അവൻ തൻെറ വസ്ത്രങ്ങൾ അലക്കി കുളിക്കണം. വൈകുന്നേരംവരെ അവൻ അശുദ്ധനായിരിക്കും..... സ്ത്രീക്ക് ഋതുകാലത്തല്ലാതെ വളരെ ദിവസത്തേക്ക് രക്തസ്രാവമുണ്ടാകുകയോ അശുദ്ധിയുടെ ദിവസങ്ങൾ കഴിഞ്ഞിട്ടും രക്തസ്രാവം നീണ്ടുനില്ക്കുകയോ ചെയ്താൽ ഋതുകാലത്തെന്നപോലെ ഈ ദിവസങ്ങളിലെല്ലാം അവൾ അശുദ്ധയായിരിക്കും." (ലേവ്യ 15,19-25).

പഴയനിയമത്തിന്റെ ദൃഷ്ടിയിൽ രക്തസ്രാവം ഇത്രമാത്രം ഭീകരമാണെങ്കിൽ അതു അനുഭവിക്കുന്ന സ്ത്രീയുടെ മനോവ്യഥ എന്തുമാത്രമായിരിക്കും. എന്നിട്ടും, പന്ത്രണ്ട് വർഷമായി രക്തസ്രാവം മാറാവ്യാധിയായി പിടിച്ച ആ സ്ത്രീയുടെ വിശ്വാസം ഇനിയും നഷ്ടപ്പെട്ടിട്ടില്ല എന്നത്

അൽഭുതം തന്നെ! അവളുടെ ശാരീരിക വ്യാധിയെക്കാൾ ഭീകരമായിരുന്നു അവളുടെ മാനസികവ്യഥ. എന്നിട്ടും, അവൾ പിടിച്ച് നിന്നുവെങ്കിൽ അവളുടെ വിശ്വാസം കൊണ്ടു മാത്രമാണ്. വിശ്വാസം.... പ്രത്യാശ... ശരണം... ഇതു മൂന്നും മാത്രമെ തകർന്ന ഹൃദയങ്ങളെയും നിറയുന്ന മിഴികളെയും പിടിച്ച് നിർത്തുന്നത് എന്നതിന് ഇതിനേക്കാൾ നല്ല ഉദാഹരണം ഇല്ല. പന്ത്രണ്ട് വർഷം രക്തസ്രാവം മൂലം ക്ലേശങ്ങൾ അനുഭവിച്ച രക്തസ്രാവക്കാരി സ്ത്രീയുടെ മഹത്വം മനസിലാക്കണമെങ്കിൽ പന്ത്രണ്ട് വർഷം പോയിട്ട് പന്ത്രണ്ട് ദിവസം പോലും തകർച്ചകളിൽ പിടിച്ച് നിൽക്കാൻ സാധിക്കാതെ ജീവിതം അവസാനിപ്പിക്കുന്നവരെ കുറിച്ച് ചിന്തിച്ചാൽ മതി.

"പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളും ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായ ഒരു സ്ത്രീ പിന്നിലൂടെവന്ന് അവൻെറ വസ്ത്രത്തിൻെറ വിളുമ്പിൽ സ്പർശിച്ചു. തത്ക്ഷണം അവളുടെ രക്തസ്രാവം നിലച്ചു" (ലൂക്കാ 8,43-44). ഇവിടെ ലൂക്കാ സുവിശേഷകൻ സമർത്തിക്കുന്ന മൂന്ന് കാര്യങ്ങളുണ്ട്.

1. പന്ത്രണ്ടു വർഷമായി രക്തസ്രാവമുണ്ടായിരുന്നവളാണ് സൗഖ്യം പ്രാപിക്കുന്ന സ്ത്രീ.

2. ആർക്കും സുഖപ്പെടുത്താൻ കഴിയാതിരുന്നവളുമായിരുന്നു സൗഖ്യം പ്രാപിക്കുന്ന സ്തീ.

3. കർത്താവിന്റെ വസ്ത്രത്തിൻെറ വിളുമ്പിൽ സ്പർശിച്ച ക്ഷണത്തിൽ തന്നെ അവളുടെ രക്തസ്രാവം നിലച്ചു, സുഖം പ്രാപിച്ചു.

രക്തസ്രാവക്കാരി സ്ത്രീ നീണ്ട പന്ത്രണ്ട് വർഷങ്ങളായി ചികിത്സയിലാണ് രക്തസ്രാവത്തിൽ നിന്നു മോചനം ലഭിക്കുന്നതിന് വേണ്ടി. എങ്കിൽ, ഒന്നുറപ്പാണ്; നീണ്ട പന്ത്രണ്ട് വർഷത്തെ ചികിത്സയിലൂടെ തന്റെ സമ്പാദ്യത്തിന്റെ ഏറിയ പങ്കും ചിലവഴിച്ച് കഴിഞ്ഞിട്ടാണ് അവൾ ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിച്ചേരുന്നത്. ഇത്രയും പണം ചെലവഴിച്ചിട്ടും ഈ ഭൂമിയിലെ ആർക്കും അവളെ സുഖപ്പെടുത്താൻ കഴിഞ്ഞില്ല എന്നുള്ളതും അൽഭുതം തന്നെയാണ്. അവൾ വിശ്വാസത്തോട് കൂടി കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചു. അവൾ സുഖം പ്രാപിച്ചു. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാക്കാൻ മനുഷ്യൻ കഴിക്കേണ്ട മരുന്നിന്റെ പേര് വിശ്വാസം! വിശ്വാസത്തോട് കൂടി സമീപിക്കേണ്ടവനെ സമീപിക്കുക. അവൻ നമുക്ക് വേണ്ടി അൽഭുതങ്ങൾ ചെയ്യും.

ഒരു മാഷ് കുട്ടികൾക്ക് ക്ലാസെടുത്തു കൊടുക്കുകയായിരുന്നു. പ്രാക്റ്റികൽ നൽകുന്ന സന്ദർഭം. ഒരു ഗ്ലാസ്സിൽ കുറച്ചു വെള്ളം എടുത്തു ഉയർത്തി പിടിച്ചിട്ടു ചോദിച്ചു:

"ഇതിനു എത്ര ഭാരം ഉണ്ട്?"

"50 ഗ്രാം ,100 ഗ്രാം , 150 ഗ്രാം കുട്ടികൾ ഉത്തരങ്ങൾ പലവിധത്തിൽ നൽകി..."

മാഷ്: "എനിക്കും അറിയില്ല ഇതിന്റെ ഭാരം എത്രയെന്നു, പക്ഷെ ചോദ്യം, ഞാൻ ഈ ഗ്ലാസ് ഇതുപോലെ ഉയർത്തി കുറച്ചു സെകന്റുകൾ നിന്നാൽ എന്ത് സംഭവിക്കും?"

കുട്ടികൾ: "ഒന്നും സംഭവിക്കില്ല."

മാഷ്: "ഇതുപോലെ കുറച്ചു മിനുട്ടുകൾ നിന്നാലോ?"

" മകളേ,
നിൻെറ വിശ്വാസം
നിന്നെ
രക്ഷിച്ചിരിക്കുന്നു.
സമാധാനത്തോടെ
പോവുക" (ലൂക്കാ 8,48).
വിശ്വാസം
രക്ഷയിലേയ്ക്കും
രക്ഷ
സമാധാനത്തിലേയ്ക്കും
നയിക്കുന്നു!

“മാഷിന്റെ കൈകൾ വേദനിക്കാൻ തുടങ്ങും... ഒരുകുട്ടി മറുപടി പറഞ്ഞു.”

മാഷ്: “അതു ശരിയാണ്, ഇനി ഞാൻ ഇതുപോലെ ഒരുപാട് മണിക്കൂറുകൾ നിന്നാലോ?”

“മാഷിന്റെ കൈകളുടെ മസിൽ വേദനിക്കും, ചിലപ്പോൾ ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വരും ഒരുകുട്ടി മറുപടി പറഞ്ഞു... മറ്റുകുട്ടികൾ ചിരിച്ചു...”

മാഷ്: “വെരി ഗുഡ്... പക്ഷെ, അപ്പോളെല്ലാം ഈ ഗ്ലാസ്സിലെ വെള്ളത്തിന്റെ അളവിന് ഭാരം കൂടിയിരുന്നോ?”

കുട്ടികൾ: “ഇല്ല...”

മാഷ്: “അപ്പോൾ, എങ്ങനെയാണ് എനിക്ക് മസിൽ വേദനയും, എന്നെ ഹോസ്പിറ്റലിൽ കൊണ്ടുപോകാനുമൊക്കെ പാകത്തിൽ അതിനു കഴിഞ്ഞത്.....?”

കുട്ടികൾ നിശബ്ദരായി... മാഷ് തുടർന്നു: “അപ്പോൾ ഇതെല്ലാം ഒഴിവാക്കാൻ ഞാനെന്തു ചെയ്യണമായിരുന്നു...?”

ഒരുകുട്ടി: “ആ ഗ്ലാസ് നിലത്തു വെയ്ക്കണമായിരുന്നു...”

മാഷ്: “യെസ് തീർച്ചയായും. ഇതുപോലെയാണ് ജീവിതത്തിലെ പല പ്രയാസങ്ങളും. ജീവിതത്തിൽ നിന്ന് ഇറക്കി വയ്ക്കേണ്ട പ്രയാസങ്ങളെ ബുദ്ധിമുട്ടുകളെ ഇറക്കി വയ്ക്കേണ്ട സ്ഥലത്ത്, ഇറക്കി വയ്ക്കേണ്ട രീതിയിൽ, ഇറക്കി വയ്ക്കാൻ സാധിക്കുന്നുണ്ടെങ്കിൽ ജീവിത്തിൽ വിജയങ്ങൾ സ്വന്തമാക്കാം. ഇല്ലെങ്കിൽ, അതു ജീവിതം തന്നെ നഷ്ടമാക്കിയേക്കാം.”

**വിശ്വാസി അയ്യാൾക്കും ജീവിതപ്രശ്നങ്ങൾക്കും ഇടയിൽ ദൈവത്തെ എടുത്തുവച്ച് സൗഖ്യം സ്വന്തമാക്കുന്നവനാണ്!**

രക്തസ്രാവക്കാരി സ്ത്രീ നീണ്ട പന്ത്രണ്ടുവർഷങ്ങൾ തേടി നടന്നത് തന്റെ ദുഖങ്ങൾ ഇറക്കി വയ്ക്കാനുള്ള ഇടം തേടിയാണ്. തന്റെ സമ്പാദ്യങ്ങളെല്ലാം സൗഖ്യത്തിന് വേണ്ടി ചിലവഴിച്ച് അവസാനമാണ് അവൾ കർത്താവിന്റെ സന്നിധിയിൽ എത്തിചേരുന്നത്. ജീവിതം ചില പരീക്ഷണങ്ങളെ നമുക്ക് നല്കും. പക്ഷെ അതിനെ നേരിടാൻ നാം ഓരോരുത്തരും പ്രാപ്ത്തരാകണം. അവസാനമല്ല കർത്താവിന്റെ സന്നിധിയിൽ എത്തിചേരേണ്ടത്. മറിച്ച്, എന്റെ ലിസ്റ്റിൽ ആദ്യമായിരിക്കണം കർത്താവിന്റെ പേര്.

“കർത്താവു ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തുകയും, അവരുടെമുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു!”

സങ്കീ 147,3



ഫാ. ജോബി മേനോത്ത്
+91 944 7777 931